**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 558** **17-09-2025 - ൽ മറുപടിയ്ക്ക്**

**കരാറുകാർക്ക് നൽകാനുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ വകുപ്പുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ നാല് വർഷക്കാലം കരാറുകാർക്ക് അനുവദിച്ച തുക എത്രയാണെന്നുള്ള ജില്ല തിരിച്ചുള്ള കണക്കും ഇതിൽ എത്ര തുക നല്കിയിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കി വരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 2025 ജനുവരി മാസം വരെയും ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിൽ 2025 മെയ് മാസം വരെയുമുള്ള ബില്ലുകൾ മാറി നൽകിയിട്ടുണ്ട്. ഇപ്രകാരം പൊതുമരാമത്ത്, ജലസേചനം, ഹാർബർ എഞ്ചിനിയറിംഗ് തുടങ്ങിയ മരാമത്ത് വകുപ്പുകൾ മുഖേന നടത്തി വരുന്ന വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 01-04-2021 മുതൽ കരാറുകാർക്ക് കുടിശ്ശിക ബിൽ ഇനത്തിൽ 11556.80 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ കരാറുകാരുടെ ബില്ലുകൾക്ക് ബി.ഡി.എസ് സംവിധാനവും നിലവിലുണ്ട്. |
| (ബി) | കരാറുകാർക്ക് പൂർത്തീകരിച്ച പ്രവൃത്തികളുടെ തുക നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇനി എത്ര തുക നല്കാൻ ഉണ്ടെന്നും അവ എന്നത്തേക്ക് നല്കാൻ കഴിയുമെന്നും അറിയിക്കാമോ; | (ബി) | സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കി വരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 2025 ജനുവരി മാസം വരെയും ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിൽ 2025 മെയ് മാസം വരെയുമുള്ള ബില്ലുകൾ മാറി നൽകിയിട്ടുണ്ട്. ഇപ്രകാരം പൊതുമരാമത്ത്, ജലസേചനം, ഹാർബർ എഞ്ചിനിയറിംഗ് തുടങ്ങിയ മരാമത്ത് വകുപ്പുകൾ മുഖേന നടത്തി വരുന്ന വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 01-04-2021 മുതൽ കരാറുകാർക്ക് കുടിശ്ശിക ബിൽ ഇനത്തിൽ 11556.80 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | കരാറുകാരുടെ ബില്ലുകൾക്ക് ബി.ഡി.എസ് സംവിധാനവും നിലവിലുണ്ട്. |
| (സി) | കരാറുകാർക്കുള്ള കുടിശ്ശികയുമായി ബന്ധപ്പെട്ട് നിലവിൽ ഏതെല്ലാം കേസുകൾ നിലനിൽക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | കരാറുകാർക്കുള്ള കുടിശ്ശികയുമായി ബന്ധപ്പെട്ട് നിലവിൽ പൊതുമരാമത്ത്, ജലസേചന, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകളിൽ 61 കേസ്സുകൾ നിലനിൽക്കുന്നതായി ബന്ധപ്പെട്ട വകുപ്പുകൾ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ